ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 02.03.2026**

## പ്രധാനവാർത്തകൾ

1. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷം. ഗൾഫ് രാജ്യങ്ങളിലെ യുഎസ് കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ആക്രമണം ശക്തമാക്കി ഇറാൻ.
2. ഗൾഫ് മേഖലയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കാൻ മറ്റ് രാജ്യങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
3. കൊച്ചി - ധനുഷ്ക്കോടി ദേശീയപാതയിലെ മണ്ണിടിച്ചിലിനെ തുടർന്ന് ദുരിതത്തിലായവരുടെ പുനരധിവാസത്തിന് 10 ലക്ഷം രൂപ വീതം അനുവദിക്കാൻ മന്ത്രിസഭാ യോഗ തീരുമാനം. ബ്രഹ്മോസ് എയറോ സ്പേസിന് 180 ഏക്കർ ഭൂമി സൗജന്യമായി പതിച്ചു നൽകാനും അനുമതി.
4. പ്രകൃതി ദുരന്തങ്ങളിൽ നിന്ന് കർഷകർക്ക് പരമാവധി സംരക്ഷണം നൽകാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി പി പ്രസാദ്.
5. പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല നാളെ. ഒരുക്കങ്ങളെല്ലാം പൂർത്തിയായി. തിരുവനന്തപുരം നഗരത്തിൽ ഭക്തജന പ്രവാഹം.
6. ICC ട്വന്റി - 20 ലോകകപ്പ് സെമിഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കം. ഇന്ത്യ- ഇംഗ്ളണ്ട് പോരാട്ടം വ്യാഴാഴ്ച.

*********************

RNU TVPM

## പ്രധാനമന്ത്രി-കാർണി (INTRO)

പശ്ചിമേഷ്യയിലെ നിലവിലെ സ്ഥിതി വളരെയധികം ആശങ്കാജനകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുമായി ന്യൂഡൽഹിയിൽ നടന്ന ഉഭയകക്ഷി ചർച്ചക്ക് ശേഷം നടത്തിയ സംയുക്ത പത്രസമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. നയതന്ത്ര ചർച്ചകളിലൂടെ തർക്കങ്ങൾ പരിഹരിക്കുന്നതിനെ ഇന്ത്യ പിന്തുണയ്ക്കുന്നുവെന്ന് പറഞ്ഞ അദ്ദേഹം , മേഖലയിലെ എല്ലാ ഇന്ത്യൻ പൗരന്മാരുടെയും സുരക്ഷ ഉറപ്പാക്കാൻ മറ്റ് രാജ്യങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കുമെന്നും കൂട്ടിച്ചേർത്തു. 2030 ഓടെ ഇന്ത്യയും കാനഡയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 50 ബില്യൺ ഡോളറായി ഉയർത്തുക എന്നതാണ് ലക്ഷ്യമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

**********************

## പശ്ചിമേഷ്യ സംഘർഷം

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനേയിയുടെയും ഉന്നത ഇറാനിയൻ ഉദ്യോഗസ്ഥരുടെയും വധത്തിനു പകരമായി യു.എ.ഇ, കുവൈത്ത്, ബഹ്റൈൻ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലെ യുഎസ് കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ഇറാൻ തിരിച്ചടിക്കുകയാണ്. മസ്കറ്റ് തീരത്ത് എണ്ണ ടാങ്കറിനു നേരെയുണ്ടായ ആക്രമണത്തിൽ ഒരു ജീവനക്കാരൻ മരിച്ചതായി ഒമാനിലെ സമുദ്ര സുരക്ഷാ കേന്ദ്രം റിപ്പോർട്ട് ചെയ്തു. അതിനിടെ, ഇസ്രായേലിനെതിരായ ഹിസ്ബുള്ള ആക്രമണത്തിന് പിന്നാലെ ലെബനനിൽ, ഇസ്രായേൽ വ്യോമാക്രമണം നടത്തി. തുടർന്ന് ലെബനൻ ഭരണകൂടം അടിയന്തര യോഗം ചേർന്നു. പശ്ചിമേഷ്യയിലെ സാധാരണ പൗരന്മാരെയും ആരോഗ്യ സംരക്ഷണ സൗകര്യങ്ങളെയും ആക്രമണങ്ങളിൽ നിന്ന് ഒഴിവാക്കണമെന്ന് ലോകാരോഗ്യ സംഘടന ആവശ്യപ്പെട്ടു.

RNU TVPM

**********************

## സംസ്ഥാനത്തിന് കത്ത്

ഇറാനെതിരെ ഉണ്ടായ ഇസ്രായേൽ-യുഎസ് ആക്രമണങ്ങളെത്തുടർന്ന് ഇന്ത്യയിലും അക്രമങ്ങൾക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രം സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. പ്രകോപനപരമായ പ്രസംഗങ്ങൾ ഉൾപ്പടെ നടത്തുന്ന ഇറാൻ അനുകൂലികളെ തിരിച്ചറിയാൻ ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കത്ത് അയച്ചതായാണ് റിപ്പോർട്ട്.

**********************

## ശിവൻകുട്ടി

ഗൾഫ് മേഖലയിൽ ഈ മാസം 5 ലെ എസ്.എസ്.എൽ.സി പരീക്ഷയും 5, 6, 7 തീയതികളിലെ ഹയർ സെക്കന്ററി പരീക്ഷയും മാറ്റി വെയ്ക്കാൻ തീരുമാനിച്ചതായി മന്ത്രി വി ശിവൻകുട്ടി. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

RNU TVPM

**********************

## എയർ ഇന്ത്യ- പോർട്ട

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ വിമാനയാത്രക്കാരുടെ സംശയങ്ങളും പരാതികളും പാസഞ്ചർ അസിസ്റ്റന്റ് കൺട്രോൾ റൂം വഴി പരിഹരിച്ചു വരുന്നതായി വ്യോമയാന മന്ത്രാലയം. എയർസേവാ പോർട്ടൽ വഴിയോ 011-24 60 42 83 അല്ലെങ്കിൽ 011-24 63 29 87 എന്നീ ഹെൽപ് ലൈൻ നമ്പറുകളിലൂടെയോ സേവനം ലഭ്യമാണ്.

**********************

## നോർക്ക

നോർക്ക റൂട്ട്സിൻറെ ഹെൽപ്പ് ഡെസ്ക് സഹായത്തിനായി +91- 880 201 2345 എന്ന നമ്പറിൽ ബന്ധപ്പെടാം. ഇന്ത്യയിൽ നിന്നും 1800 425 3939 എന്ന ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ

ചെയ്യാവുന്നതാണ്. ഡൽഹി കേരള ഹൗസിലും കൺട്രോൾ റൂം തുറന്നിട്ടുണ്ട്.

**********************

## വിമാനം റദ്ദാക്കൽ എയർ ഇന്ത്യ

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് യുഎഇ, സൗദി അറേബ്യ, ഇസ്രായേൽ, ഖത്തർ എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള എല്ലാ വിമാനങ്ങളും എയർ ഇന്ത്യ ഇന്ന് റദ്ദ് ചെയ്തു. കൂടാതെ, ഇന്ന് ഷെഡ്യൂൾ ചെയ്തിട്ടുള്ള യൂറോപ്പിലേക്കുള്ള തിരഞ്ഞെടുത്ത ചില വിമാനങ്ങളും റദ്ദാക്കിയിട്ടുണ്ട്.

**********************

## നോർക്ക - സുരക്ഷാ ദൗത്യം

പാകിസ്ഥാനിലെ കറാച്ചി വിമാനത്താവളത്തിൽ കുടുങ്ങിയ ഇന്ത്യക്കാരെ ശ്രീലങ്ക വഴി ഇന്ത്യയിലെത്തിക്കാനുള്ള നടപടികൾ തുടരുന്നു. അസർബൈജാൻ തലസ്ഥാനമായ ബാക്കുവിൽ നിന്നും ഷാർജ വഴി കുവൈത്തിലേക്ക് പോവുകയായിരുന്ന എയർ അറേബ്യ വിമാനത്തിലുണ്ടായിരുന്ന മൂന്നു മലയാളികൾ ഉൾപ്പെടെയുള്ള എട്ട് ഇന്ത്യൻ പൗരന്മാരാണ് കുടുങ്ങിയത്. സംഘർഷ സാഹചര്യങ്ങളെത്തുടർന്ന് വിമാനം കറാച്ചിയിൽ അടിയന്തരമായി ഇറക്കിയതോടെ മലയാളികളായ യാത്രക്കാർ നോർക്ക റൂട്ട്സിനെ ബന്ധപ്പെടുകയും വിദേശകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഇവരെ കൊളംബോയിൽ എത്തിക്കുകയുമായിരുന്നു.

**********************

## മന്ത്രിസഭായോഗ തീരുമാനങ്ങൾ

കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ ഉണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് ദുരിതത്തിലായവരുടെ പുനരധിവാസത്തിനായി 10 ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനം. തിരുവനന്തപുരം കാട്ടാക്കട താലൂക്കിൽ കള്ളിക്കാട് വില്ലേജിൽ 180 ഏക്കർ ഭൂമി ബ്രഹ്മോസ് എയറോ സ്പേസ്

RNU TVPM

ട്രിവാൻഡ്രം ലിമിറ്റഡിന് സൗജന്യമായി പതിച്ചു നൽകും. ഭൂമി മിസൈൽ നിർമ്മിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും മാത്രമെ ഉപയോഗിക്കാവു എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 24 പുതിയ തസ്തികകൾ സൃഷ്ടിക്കാനും അനുമതി നൽകി. കൂടാതെ മത്സ്യതൊഴിലാളികൾക്കുള്ള 'സമ്പാദ്യ സമാശ്വാസ പദ്ധതി' ആനുകൂല്യം 4500 രൂപയിൽ നിന്നും 6000 രൂപയായി ഉയർത്താനും തീരുമാനമായി.

**********************

<u>ആറ്റുകാൽ പൊങ്കാല (ഇൻട്രോ)</u>

ആറ്റുകാൽ പൊങ്കാലയ്ക്കൊരുങ്ങി തിരുവനന്തപുരം നഗരം. പൊങ്കാലയ്ക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. തലസ്ഥാന നഗരിയിൽ ഭക്തജന പ്രവാഹം. വിശദാംശങ്ങളിലേക്ക്............

(വോയ്സ്)

*നാളെ രാവിലെ 9.15ന് ശുദ്ധ പുണ്യാഹത്തോടെ ആറ്റുകാൽ പൊങ്കാല ചടങ്ങുകൾ ആരംഭിക്കും. തോറ്റംപാട്ടുകൾക്ക് ശേഷം തന്ത്രി പരമേശ്വരൻ ഭട്ടതിരിപ്പാടിന്റെ സാന്നിധ്യത്തിൽ മേൽശാന്തി അനീഷ് നമ്പൂതിരി ശ്രീകോവിലിൽ നിന്ന് ദീപം പകർന്ന് ക്ഷേത്ര തിടപ്പള്ളിയിലെ പൊങ്കാല അടുപ്പിലേക്കു പകരും. ഇതേ ദീപം സഹമേൽശാന്തി ഏറ്റുവാങ്ങി വലിയ തിടപ്പള്ളിയിലും പണ്ടാര അടുപ്പിലും കത്തിക്കും. പണ്ടാര അടുപ്പിൽ നിന്ന് പകരുന്ന ദീപം ഭക്തർ സ്വന്തം അടുപ്പുകളിലേക്ക് പകരും. ഉച്ചയ്ക്ക് 2.15ന് ഉച്ചപൂജയ്ക്കു ശേഷമാണ് പൊങ്കാല നിവേദ്യം. കർശന സുരക്ഷയുടെ ഭാഗമായി നിലവിലുള്ള തൊള്ളായിരം പൊലീസ് ഉദ്യോഗസ്ഥരെ കൂടാതെ 4,500 പോലിസുകാരെ കൂടി പ്രത്യേക സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. നാളെ*

RNUTVPM

*പൊങ്കാല ചടങ്ങുകൾ അവസാനിക്കും വരെ നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടാകും.*
*ന്യൂസ് ഡെസ്ക് ആകാശവാണി.*

**********************

<u>ജലവിതരണം</u>

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ജലവിതരണത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന്റെ

ഭാഗമായി തിരുവനന്തപുരം മധുപാലം,

നെല്ലിയോട്, തിരുവഴിമുക്ക്, തമ്പുരാൻ മുക്ക് മേനിലം,

പുഞ്ചക്കരി, തുടങ്ങിയ പ്രദേശങ്ങളിൽ ഇന്ന് ഭാഗികമായും നാളെ പൂർണമായും ജലവിതരണം തടസ്സപ്പെടും.

ഉപഭോക്താക്കൾ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

**********************

<u>ആദിവാസി-റോഡ് ടാറിംങ്(ഇൻട്രോ)</u>

ഇടുക്കി വെള്ളിയാമറ്റം പഞ്ചായത്തിലെ ആദിവാസി ഉന്നതികളെ പുറംലോകവുമായി ബന്ധിപ്പിക്കുന്ന പാതയിൽ കേന്ദ്ര സർക്കാരിൻ്റ പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യമായി ടാറിങ് നടത്തി. ദേവരുപാറ - നാളിയാനി റോഡിലാണ് ചരിത്രത്തിൽ ആദ്യമായി ടാറിങ് നടന്നത്. തലമുറകളായി നേരിട്ടിരുന്ന യാത്രാ ദുരിതം അവസാനിച്ച സന്തോഷത്തിലാണ് പ്രദേശവാസികൾ.
ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....
(വോയിസ്.....)

**********************

<u>കേര പദ്ധതി</u>

പ്രകൃതി ദുരന്തങ്ങളിൽ നിന്ന് കർഷകർക്ക് പരമാവധി സംരക്ഷണം നൽകാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി പി പ്രസാദ്. കേരള കാലാവസ്ഥാ അതിജീവന - കാർഷിക മൂല്യ വർദ്ധക -

PNU TVPM

വിപണന ശൃംഖല നവീകരണ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**********************

## <u>ട്വൻ്റി - 20</u>

ICC ട്വൻ്റി - 20 ലോകകപ്പിൽ വ്യാഴാഴ്ച നടക്കുന്ന സെമിഫൈനലിൽ ഇന്ത്യ ഇംഗ്ളണ്ടിനെ നേരിടും. സൂപ്പർ 8 മൽസരത്തിൽ വെസ്റ്റിൻഡീസിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിൽ കടന്നത്. സഞ്ചു സാംസൺ പുറത്താവാതെ നേടിയ 97 റൺസിൻ്റെ പിൻബലത്തിലാണ് ഇന്ത്യ വിജയകിരീടം ചൂടിയത്. ബുധനാഴ്ച നടതക്കുന്ന ആദ്യ സെമിയിൽ ദക്ഷിണാഫ്രിക്ക-ന്യൂസിലാൻ്റിനെ നേരിടും. ഈ മാസം എട്ടിനാണ് ഫൈനൽ.

**********************

**************

******

RNU TVPM